റ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ 25% പദ്ധതി രേഖകൾക്ക് അംഗീകാരം നേടിയ സ്ഥാപനങ്ങൾക്ക് ഒന്നാം ഗഡുവായി അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

129 (1355) ജനകീയാസൂത്രണത്തിന് അനുവദിച്ച തുകയുടെ വിനിയോഗം

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണത്തിന് ഗവൺമെന്റ് നൽകുന്ന തുക പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഡിപ്പോസിറ്റ് ചെയ്ത ശേഷം ചെലവ് വന്നതായി കാണിക്കുന്നു എന്ന പരാതി ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്താണ് ഇതിന്റെ യഥാർത്ഥ സ്ഥിതി എന്ന് വെളിപ്പെടുത്തുമോ ;

(സി) പരിശോധിച്ചില്ലെങ്കിൽ ഈ ആക്ഷേപം പരിശോധിക്കുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ഡെപ്പോസിറ്റ് ചെയ്തതായി പരിശോധനയിൽ ബോദ്ധ്യമായാൽ ആ തുക പദ്ധതി ചെലവിൽപ്പെടുത്താതെ അടുത്ത വർഷത്തെ പദ്ധതിവിഹിതത്തിൽ കുറവു ചെയ്യുന്നതാണ്.

(ബി) ഉദിക്കുന്നില്ല.

(സി) അത്തരത്തിലുള്ള പരാതികൾ ലഭിക്കുകയാണെങ്കിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

130 (1356) കൊടുമൺ പഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിൽ ഉണ്ടായ ക്രമക്കേട്

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ കൊടുമൺ പഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിൽ കഴിഞ്ഞ സാമ്പത്തികവർഷത്തിൽ വളരെയധികം ക്രമക്കേട് നടത്തിയിട്ടുണ്ടെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ ; ഏതെല്ലാം പരാതിയെപ്പറ്റിയാണ് അന്വേഷണം നടത്തിയതെന്നും എന്നാണ് അന്വേഷണം ആരംഭിച്ചതെന്നും ആരാണ് അന്വേഷണം നടത്തിയതെന്നും വ്യക്തമാക്കുമോ;

(സി) അന്വേഷണ പ്രകാരം ഇവിടെ നിയമവിരുദ്ധമായി നടപടി കൈക്കൊണ്ടതായി തെളിഞ്ഞിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനനുസരിച്ച് നിയമപ്രകാരം എന്തു നടപടി കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അന്വേഷണം ഇതുവരെ പൂർത്തിയായിട്ടില്ലെങ്കിൽ അന്വേഷണം പൂർത്തിയാക്കാൻ ഇത്രയും കാലതാമസം വരാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. സ്റ്റേഡിയം/മിനിസ്റ്റേഡിയം/ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പു സംബന്ധിച്ച് 18.5.99-ലും ചേനങ്കര-കരിമാളം തോട് നിർമ്മാണം സംബന്ധിച്ച് 19.5.99-ലും വീടനുവദിക്കുന്നതിലെ ക്രമക്കേടു സംബന്ധിച്ച് 19.5.99-ലും പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചാലുടനേ അതു പരിശോധിച്ച് മേൽനടപടികൾ കൈക്കൊള്ളുന്നതാണ്.

(ഇ) അന്വേഷണം പൂർത്തിയായിട്ടുണ്ട്.

131 (1357) വികസന അതോറിറ്റികൾ

ശ്രീ. കെ. സുധാകരൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻമാസ്റ്റർ :
ശ്രീ. ജോർജ് ജെ. മാത്യൂ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര വികസന അതോറിറ്റികളുണ്ട്; ഏതെല്ലാം ;

(ബി) പ്രസ്തുത വികസന അതോറിറ്റികൾ നിർത്തലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കാരണമെന്ത്;

(സി) നിർത്തലാക്കുന്ന വികസനഅതോറിറ്റികൾ ഏതെല്ലാമാണ്;

(ഡി) ഇവ നിർവ്വഹിച്ചുവന്ന കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും ആരെ ഏല്പിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 12 വികസന അതോറിറ്റികളുണ്ട്. അവ താഴെ പറയുന്നവയാണ്.

1. തിരുവനന്തപുരം വികസന അതോറിറ്റി.
2. കൊല്ലം വികസന അതോറിറ്റി.
3. ആലപ്പുഴ വികസന അതോറിറ്റി.
4. കോട്ടയം വികസന അതോറിറ്റി.
5. ഇടുക്കി വികസന അതോറിറ്റി.

LIBRARY ARCHIVES Kerala Legislative Assembly